S622
22/5/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട കെ.ബാലകൃഷ്ണന്റെ മകൻ ശ്രീ.വിഷ്ണുവിന്റെ വനം വകുപ്പിലെ നിയമനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(എം.എസ്.) നം. 35/2015/വനം തീയതി,തിരുവനന്തപുരം, 18/05/2015

പരാമർശം: 1. 26/2/2015-ലെ സ.ഉ(എം.എസ്)8/2015/വനം
2. 11/3/2015-ലെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് നം.ഇ 1-1740/2015.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 9/4/2015-ലെ ഇ 6-16512/2012 നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലയിലെ തോൽപ്പെട്ടിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബാലകൃഷ്ണന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് പരാമർശം 1 ഉത്തരവു പ്രകാരം ടിയാന്റെ മകനായ ശ്രീ.വിഷ്ണുവിന് ഉത്തരവു തീയതി മുതൽ വനം വകുപ്പിൽ വാച്ചറായി നിയമനം നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

2) വനം വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു തസ്തികയിലല്ല ശ്രീ. വിഷ്ണുവിന് താൽക്കാലിക വാച്ചറായി നിയമനം നൽകിയിരുന്നതെന്നും കാലാകാലങ്ങളിൽ ഉണ്ടാകുന്ന വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള വാച്ചർ ജോലിക്കാണ് ടിയാനെ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലിക്ക് നിയോഗിച്ചു വരുന്നതെന്നും ആയതിനാൽ ടിയാന്റെ നിയമനം ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയില്ലാത്ത ദിവസവേതനാടിസ്ഥാനത്തിലുള്ള വാച്ചർ ജോലി സ്ഥിരപ്പെടുത്തി ചട്ടപ്രകാരം നിയമനം നൽകുവാൻ സാധിക്കുകയില്ലായെന്നും നിലവിൽ ബേഗൂർ റെയിഞ്ചിൽ ഒരു സ്ഥിരം റിസർവ്വ് വാച്ചറുടെ ഒഴിവുണ്ടെന്നും വാച്ചർ തസ്തികയ്ക്ക് തുല്യമായി വയനാട് ജില്ലയിൽ ഈ തസ്തിക മാത്രമേ ഒഴിവുള്ളൂവെന്നും ടിയാൻ ഇപ്പോൾ ജോലി ചെയ്തു വരുന്ന ജോലിയുടെയും നിലവിൽ ഒഴിഞ്ഞു കിടക്കുന്ന റിസർവ്വ് വാച്ചറുടെയും സ്വഭാവവും വേതന വ്യവസ്ഥയും വ്യത്യസ്തമായതിനാൽ ടിയാൻ പ്രസ്തുത തസ്തികയിൽ ജോലിക്ക് ഹാജരാകുന്ന തീയതി മുതൽ മാത്രമേ റിസർവ്വ് ഫോറസ്റ്റ് വാച്ചർ തസ്തികയിൽ സ്ഥിരനിയമനം നൽകുവാൻ കഴിയുകയുള്ളൂവെന്നും ഭരണവിഭാഗം മുഖ്യവനപാലകൻ പരാമർശം രണ്ട് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.വിഷ്ണുവിന് നോർത്ത് വയനാട് ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ പരാമർശം 2-ലെ ഉത്തരവു പ്രകാരം ബേഗൂർ റെയിഞ്ചിൽ നിലവിലുള്ള റിസർവ്വ് ഫോറസ്റ്റ് വാച്ചറുടെ തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്നും ടി നടപടി സാധൂകരിക്കണമെന്നും ഭരണവിഭാഗം മുഖ്യവനപാലകൻ അഭ്യർത്ഥിച്ചിരിക്കുന്നു.

(..............2)

3) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിൽ ശ്രീ.വിഷ്ണു ജോലി ചെയ്തിരുന്ന തസ്തിക താൽക്കാലിക തസ്തിക ആയതിനാൽ സ്ഥിര നിയമനം നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ പരാമർശം 1-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോർത്ത് വയനാട് ഡിവിഷനൽ ഫോറസ്റ്റ് ഓഫീസർ പരാമർശം 2-ലെ ഉത്തരവു പ്രകാരം ശ്രീ.വിഷ്ണുവിന് ബേഗൂർ റെയിഞ്ചിൽ നിലവിലുള്ള റിസർവ്വ് ഫോറസ്റ്റ് വാച്ചറുടെ തസ്തികയിൽ സ്ഥിര നിയമനം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം
ശ്രീ. വിഷ്ണു (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ